## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3682** **09-10-2025 - ൽ മറുപടിയ്ക്ക്**

## കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീമതി കെ. കെ. രമ, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിക്കാരുടെ വരുമാനത്തിൽ അൻപത് ശതമാനം വർദ്ധനവ് സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സർക്കാർ 2021 മുതൽ നടപ്പാക്കിയ വിവിധ പദ്ധതികളും ഇടപെടലുകളും കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിലൂടെ കർഷകരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിച്ചു. പ്രകടനപത്രികയിലെ വാഗ്ദാനപ്രകാരം കർഷക വരുമാനം 50% വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റിയതായി സംസ്ഥാന എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനം വ്യക്തമാക്കുന്നു.<br><br>2019 ലെ ശരാശരി മാസവരുമാനമായ 17915 രൂപയിൽ നിന്ന് 2024 ൽ 28984 രൂപ ആയി 61.79% വർദ്ധന കൈവരിച്ചു. ഇത് 2026 ഓടെ 33411 രൂപ ആകുമെന്നാണ് കണക്കാക്കുന്നത്. ഈ വളർച്ചയ്ക്ക് പിന്നിൽ ഉൽപാദന വർദ്ധന, മൂല്യവർദ്ധന വിപണന സൗകര്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം, യന്ത്രവത്കരണം തുടങ്ങിയ ഘടകങ്ങൾ പ്രധാന പങ്ക് വഹിച്ചു.<br><br>വിഷൻ 2026 ഉം വിഷൻ 2033 ഉം പോലുള്ള ആസൂത്രിത പദ്ധതികൾ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അടിത്തറയിട്ടു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ കാർഷിക വളർച്ച അഖിലേന്ത്യാ ശരാശരിയായ 2.1% നെക്കാൾ ഉയർന്ന 4.65% ആയിരുന്നു. ഈ വളർച്ച കർഷകരുടെ വരുമാനത്തിൽ പ്രതിഫലിച്ചു.<br><br>“ഞങ്ങളും കൃഷിയിലേക്ക്” പദ്ധതിയിലൂടെ ജനകീയ പങ്കാളിത്തം വർധിപ്പിച്ചു. 25,568-ലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഉൽപ്പാദനം, സേവനം, വിപണനം, മൂല്യവർധന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, തദ്ദേശ സ്ഥാപന തലത്തിൽ |

മൈക്രോപ്ലാനുകൾ നടപ്പാക്കി. വിള അധിഷ്ഠിത കൃഷിരീതിയിൽ നിന്ന് വിളയിട അധിഷ്ഠിത കൃഷിയിലേക്കുള്ള മാറ്റം കർഷക വരുമാനം ഉയർത്തി. 21,520 ഫാംപ്ലാനുകളും 100 FPO-കളും സൃഷ്ടിച്ചു.

ദ്വിതീയ കാർഷിക മേഖലയിലൂടെ യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ ആകർഷിച്ചതിലൂടെ കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി. മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഊന്നൽ നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് "ഒരു കൃഷിഭവൻ ഒരു മൂല്യവർധിത ഉൽപ്പന്നം" എന്ന ലക്ഷ്യം സാധ്യമാക്കി 2,000-ത്തിലധികം ഉൽപ്പന്നങ്ങൾ സൃഷ്ടിച്ചു. "കേരളാഗ്രോ" എന്ന പൊതു ബ്രാൻഡിന് കീഴിൽ എല്ലാ ജില്ലകളിലും ഷോറൂമുകൾ തുറന്നു, 2026-ഓടെ ഉൽപ്പന്നങ്ങൾ 4,000 ആക്കി ഉയർത്താൻ ലക്ഷ്യമിട്ടു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി സഹകരിച്ച് 840 സംരംഭകരെ പരിശീലിപ്പിച്ചു, ഇത് അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കി വരുമാനം വർധിപ്പിച്ചു.

ലോക ബാങ്ക് സഹായത്തോടെയുള്ള "കേര" (Kerala Climate Resilient Agri-Value Chain) പദ്ധതി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ സഹായിക്കുന്നതിലൂടെ 4 ലക്ഷം കർഷകർക്ക് പ്രത്യക്ഷവും 10 ലക്ഷം കർഷകർക്ക് പരോക്ഷവുമായ പ്രയോജനം ലഭിക്കും . കാർബൺ ബഹിർഗമനം കുറച്ച് നെൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ 500 കോടി വകയിരുത്തിയതും പ്രവർത്തനത്തിൽ അന്താരാഷ്ട്ര നെൽ ഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പാക്കിയതും കർഷക വരുമാനം കൂടുതൽ ഉയർത്തുവാൻ ഇടയാക്കും. പദ്ധതിയിലൂടെ റബ്ബർ, കാപ്പി, ഏലം, തെങ്ങ് തുടങ്ങിയ വിളകളുടെ പ്രോത്സാഹനം വരുമാനത്തിന്റെ സ്ഥിരത ഉറപ്പാക്കുകയും ചെയ്യും.

നെൽകൃഷിയിൽ ഉൽപ്പാദനക്ഷമത 2020-21-ൽ 3,091 കി. ഗ്രാം / ഹെക്ടറിൽ നിന്ന് 2022-23 ൽ 3117 കി. ഗ്രാം / ഹെക്ടർ ആയി ഉയർന്നു. 269 കോടി രൂപയുടെ ആനുകൂല്യങ്ങൾ, 257.4 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുള്ള വിത്തുകൾ, ഇൻഷ്വറൻസ്, തരിശുരഹിത കൃഷി, റോയൽറ്റി, ഉൽപ്പാദന ബോണസ്, ഡ്രോൺ സാങ്കേതികവിദ്യ എന്നിവ കർഷകർക്ക് നൽകിയതിലൂടെ നെൽ കർഷകരുടെ വരുമാനം വർധിച്ചു.

നാളികേരകൃഷിയിൽ ഉൽപ്പാദനക്ഷമത 6,228-ൽ നിന്ന് 7,211 നാളികേരം/ ഹെക്ടർ ആയി വർധിച്ചു.

320 കേരഗ്രാമങ്ങൾ വഴി 54% ഉൽപ്പാദന വർധന കൈവരിച്ചു. 70.42 ലക്ഷം തൈകൾ വിതരണം ചെയ്തു, പച്ചത്തേങ്ങ സംഭരണ വില 32-ൽ നിന്ന് 34 രൂപയായി ഉയർത്തി. സംഭരണ പരിധി 5-ൽ നിന്ന് 15 ഏക്കറായും വർധിപ്പിച്ചു. കേരഫെഡ്, VFPCK വഴി വില ഏറ്റക്കുറച്ചിലുകൾ തടഞ്ഞു.

പച്ചക്കറി ഉൽപ്പാദനം 6.28 ലക്ഷം ടണ്ണിൽ നിന്ന് 19.1 ലക്ഷം ടണ്ണായി വർധിച്ചു. ഹോർട്ടികൾച്ചർ മേഖലയിലെ നവീന ഇടപെടലുകൾ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുകയും യുവാക്കൾ,സ്ത്രീകൾതുടങ്ങിയവർക്ക് നവീന കൃഷി രീതികളിൽ ഏർപ്പെട്ട് വരുമാനം വർദ്ധിപ്പിക്കുവാൻ സാധ്യമായി. 5 ഹൈബ്രിഡ് വിത്തിനങ്ങൾ വിതരണം ചെയ്തു. പുഷ്പകൃഷിയിൽ 724 ഹെക്ടറിൽ 6,343 ടൺ പൂക്കൾ ഉൽപ്പാദിപ്പിച്ചു. "ഫ്രൂട്ട് ക്ലസ്റ്റർ" പദ്ധതി വഴി മാവ്, പ്ലാവ് തുടങ്ങിയ വിളകൾക്ക് സബ്സിഡികൾ നൽകി വരുമാനം വർധിപ്പിച്ചു.

ജൈവകൃഷി പ്രോത്സാഹിപ്പിച്ച് PGS, NPOP സർട്ടിഫിക്കേഷനുകൾ വഴി അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടു. "കേരളാഗ്രോ ഗ്രീൻ", "കേരളാഗ്രോ ഓർഗാനിക്" ബ്രാൻഡുകൾ വിപണിയിൽ അവതരിപ്പിച്ചു. ചെറുധാന്യങ്ങൾക്ക് 'മില്ലറ്റ് കഫേ'കൾ ആരംഭിച്ചു.

വന്യമൃഗ ശല്യത്തിനെതിരെ 6.2 കോടി രൂപ സംസ്ഥാന വിഹിതത്തിൽ നിന്നും 38 കോടി രൂപ RKVY-യിൽ നിന്നും വകയിരുത്തി പ്രതിരോധ നടപടികൾ കൈകൊണ്ടു വരുന്നു. ഇത് കൃഷി നഷ്ടങ്ങൾ കുറച്ച് വരുമാനം സംരക്ഷിക്കുന്നതിന് ഇടയാക്കുന്നു.

150-ലധികം അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ തുടങ്ങി, പരിശീലനം, സ്കിൽ വികസനം നൽകി വരുമാനം വർധിപ്പിച്ചു. കേരള കാർഷിക സർവകലാശാല, വയനാട്ടിലെ "സെന്റർ ഓഫ് എക്സലൻസ്" തുടങ്ങിയവ ഹൈടെക് കൃഷി പ്രോത്സാഹിപ്പിച്ച് വരുമാനവർദ്ധനവ് സാധ്യമാക്കുന്നു.

സമഗ്ര വിള ഇൻഷുറൻസ് നടപ്പാക്കി, 27 വിളകൾ ഉൾപ്പെടുത്തി, ചെറുകിട ഏലം കർഷകർക്ക് ആനുകൂല്യം ലഭ്യമാകുവാൻ നിശ്ചയിച്ച കുറഞ്ഞ പരിധി 2.5-ൽ നിന്ന് 1 ഏക്കറായി കുറച്ചു. റബ്ബർ താങ്ങുവില 180 രൂപയാക്കി, 2,054 കോടി രൂപ RPIS വഴി വിതരണം ചെയ്തു. 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി നടപ്പാക്കി. ഈ നടപടികളും വരുമാന വർദ്ധനവിന് ഇടയാക്കുന്നു.

| | | | |
|---|---|---|---|
| | | | യന്ത്രവൽക്കരണത്തിന് SMAM വഴി 200 കൃഷിക്കൂട്ടങ്ങളെ തയ്യാറാക്കി. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും യന്ത്രോപകരണങ്ങൾ നൽകി. 424.24 കോടി രൂപ സഹായം അനുവദിച്ചു. ഇത് മനുഷ്യാധ്വാനം കുറച്ച് ഉൽപ്പാദനം വർധിപ്പിച്ചു.<br><br>സ്മാർട്ട് കൃഷിക്ക് IoT, AI, ഡ്രോണുകൾ പ്രയോജനപ്പെടുത്തി.'കതിർ' സോഫ്റ്റ്‌വെയറും മൊബൈൽ ആപ്പും വഴി സേവനങ്ങൾ ത്വരിതപ്പെടുത്തി, കടലാസുരഹിത സംവിധാനം നടപ്പാക്കി, കർഷകർക്ക് വേഗത്തിലുള്ള സഹായം ഉറപ്പാക്കി.<br><br>കാർബൺ ന്യൂട്രൽ കൃഷി പ്രോത്സാഹിപ്പിച്ച് ആലുവ, ഒക്കൽ ഫാമുകൾ കാർബൺ ന്യൂട്രൽ ആക്കി, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിച്ചു. നവോധൻ പദ്ധതി വഴി തരിശുഭൂമി കൃഷിക്ക് ലഭ്യമാക്കി കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി.<br><br>കടാശ്വാസ കമ്മീഷൻ വഴി 391.75 കോടി രൂപ കടാശ്വാസം നൽകി, സാമ്പത്തിക ഭാരം കുറച്ചു. ഈ സമഗ്ര സമീപനം കർഷകരുടെ വരുമാനം ഉയർത്തി മേഖലയെ ആകർഷകമാക്കി. |
| (ബി) | ഇപ്രകാരം വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | കേരള സർക്കാർ 2021 മുതൽ നടപ്പാക്കിയ വിവിധ പദ്ധതികളും ഇടപെടലുകളും കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിലൂടെ കർഷകരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിച്ചു. പ്രകടനപത്രികയിലെ വാഗ്ദാനപ്രകാരം കർഷക വരുമാനം 50% വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റിയതായി സംസ്ഥാന എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനം വ്യക്തമാക്കുന്നു.<br><br>2019 ലെ ശരാശരി മാസവരുമാനമായ 17915 രൂപയിൽ നിന്ന് 2024 ൽ 28984 രൂപ ആയി 61.79% വർദ്ധന കൈവരിച്ചു. ഇത് 2026 ഓടെ 33411 രൂപ ആകുമെന്നാണ് കണക്കാക്കുന്നത്. ഈ വളർച്ചയ്ക്ക് പിന്നിൽ ഉൽപാദന വർദ്ധന, മൂല്യവർദ്ധന വിപണന സൗകര്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം, യന്ത്രവത്കരണം തുടങ്ങിയ ഘടകങ്ങൾ പ്രധാന പങ്ക് വഹിച്ചു.<br><br>വിഷൻ 2026 ഉം വിഷൻ 2033 ഉം പോലുള്ള ആസൂത്രിത പദ്ധതികൾ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അടിത്തറയിട്ടു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ കാർഷിക വളർച്ച അഖിലേന്ത്യാ ശരാശരിയായ 2.1% നെക്കാൾ |

ഉയർന്ന 4.65% ആയിരുന്നു. ഈ വളർച്ച കർഷകരുടെ വരുമാനത്തിൽ പ്രതിഫലിച്ചു.

"ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയിലൂടെ ജനകീയ പങ്കാളിത്തം വർധിപ്പിച്ചു. 25,568-ലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഉൽപ്പാദനം, സേവനം, വിപണനം, മൂല്യവർധന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, തദ്ദേശ സ്ഥാപന തലത്തിൽ മൈക്രോപ്ലാനുകൾ നടപ്പാക്കി. വിള അധിഷ്ഠിത കൃഷിരീതിയിൽ നിന്ന് വിളയിട അധിഷ്ഠിത കൃഷിയിലേക്കുള്ള മാറ്റം കർഷക വരുമാനം ഉയർത്തി. 21,520 ഫാംപ്ലാനുകളും 100 FPO-കളും സൃഷ്ടിച്ചു.

ദ്വിതീയ കാർഷിക മേഖലയിലൂടെ യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ ആകർഷിച്ചതിലൂടെ കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി. മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഊന്നൽ നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് "ഒരു കൃഷിഭവൻ ഒരു മൂല്യവർധിത ഉൽപ്പന്നം" എന്ന ലക്ഷ്യം സാധ്യമാക്കി 2,000-ത്തിലധികം ഉൽപ്പന്നങ്ങൾ സൃഷ്ടിച്ചു. "കേരളാഗ്രോ" എന്ന പൊതു ബ്രാൻഡിന് കീഴിൽ എല്ലാ ജില്ലകളിലും ഷോറൂമുകൾ തുറന്നു, 2026-ഓടെ ഉൽപ്പന്നങ്ങൾ 4,000 ആക്കി ഉയർത്താൻ ലക്ഷ്യമിട്ടു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി സഹകരിച്ച് 840 സംരംഭകരെ പരിശീലിപ്പിച്ചു, ഇത് അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കി വരുമാനം വർധിപ്പിച്ചു.

ലോക ബാങ്ക് സഹായത്തോടെയുള്ള "കേര" (Kerala Climate Resilient Agri-Value Chain) പദ്ധതി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ സഹായിക്കുന്നതിലൂടെ 4 ലക്ഷം കർഷകർക്ക് പ്രത്യക്ഷവും 10 ലക്ഷം കർഷകർക്ക് പരോക്ഷവുമായ പ്രയോജനം ലഭിക്കും . കാർബൺ ബഹിർഗമനം കുറച്ച് നെൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ 500 കോടി വകയിരുത്തിയതും പ്രവർത്തനത്തിൽ അന്താരാഷ്ട്ര നെൽ ഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പാക്കിയതും കർഷക വരുമാനം കൂടുതൽ ഉയർത്തുവാൻ ഇടയാക്കും. പദ്ധതിയിലൂടെ റബ്ബർ, കാപ്പി, ഏലം, തെങ്ങ് തുടങ്ങിയ വിളകളുടെ പ്രോത്സാഹനം വരുമാനത്തിന്റെ സ്ഥിരത ഉറപ്പാക്കുകയും ചെയ്യും.

നെൽകൃഷിയിൽ ഉൽപ്പാദനക്ഷമത 2020-21-ൽ 3,091 കി. ഗ്രാം / ഹെക്ടറിൽ നിന്ന് 2022-23 ൽ 3117 കി. ഗ്രാം / ഹെക്ടർ ആയി ഉയർന്നു. 269 കോടി രൂപയുടെ ആനുകൂല്യങ്ങൾ, 257.4 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുള്ള

വിത്തുകൾ, ഇൻഷുറൻസ്, തരിശുരഹിത കൃഷി, റോയൽറ്റി, ഉൽപ്പാദന ബോണസ്, ഡ്രോൺ സാങ്കേതികവിദ്യ എന്നിവ കർഷകർക്ക് നൽകിയതിലൂടെ നെൽ കർഷകരുടെ വരുമാനം വർധിച്ചു.

നാളികേരകൃഷിയിൽ ഉൽപ്പാദനക്ഷമത 6,228-ൽ നിന്ന് 7,211 നാളികേരം/ ഹെക്ടർ ആയി വർധിച്ചു. 320 കേരഗ്രാമങ്ങൾ വഴി 54% ഉൽപ്പാദന വർധന കൈവരിച്ചു. 70.42 ലക്ഷം തൈകൾ വിതരണം ചെയ്തു, പച്ചത്തേങ്ങ സംഭരണ വില 32-ൽ നിന്ന് 34 രൂപയായി ഉയർത്തി. സംഭരണ പരിധി 5-ൽ നിന്ന് 15 ഏക്കറായും വർധിപ്പിച്ചു. കേരഫെഡ്, VFPCK വഴി വില ഏറ്റക്കുറച്ചിലുകൾ തടഞ്ഞു.

പച്ചക്കറി ഉൽപ്പാദനം 6.28 ലക്ഷം ടണ്ണിൽ നിന്ന് 19.1 ലക്ഷം ടണ്ണായി വർധിച്ചു. ഹോർട്ടികൾച്ചർ മേഖലയിലെ നവീന ഇടപെടലുകൾ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുകയും യുവാക്കൾ,സ്ത്രീകൾതുടങ്ങിയവർക്ക് നവീന കൃഷി രീതികളിൽ ഏർപ്പെട്ട് വരുമാനം വർദ്ധിപ്പിക്കുവാൻ സാധ്യമായി. 5 ഹൈബ്രിഡ് വിത്തിനങ്ങൾ വിതരണം ചെയ്തു. പുഷ്പകൃഷിയിൽ 724 ഹെക്ടറിൽ 6,343 ടൺ പൂക്കൾ ഉൽപ്പാദിപ്പിച്ചു. "ഫ്രൂട്ട് ക്ലസ്റ്റർ" പദ്ധതി വഴി മാവ്, പ്ലാവ് തുടങ്ങിയ വിളകൾക്ക് സബ്സിഡികൾ നൽകി വരുമാനം വർധിപ്പിച്ചു.

ജൈവകൃഷി പ്രോത്സാഹിപ്പിച്ച് PGS, NPOP സർട്ടിഫിക്കേഷനുകൾ വഴി അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടു. "കേരളാഗ്രോ ഗ്രീൻ", "കേരളാഗ്രോ ഓർഗാനിക്" ബ്രാൻഡുകൾ വിപണിയിൽ അവതരിപ്പിച്ചു. ചെറുധാന്യങ്ങൾക്ക് 'മില്ലറ്റ് കഫേ'കൾ ആരംഭിച്ചു.

വന്യമൃഗ ശല്യത്തിനെതിരെ 6.2 കോടി രൂപ സംസ്ഥാന വിഹിതത്തിൽ നിന്നും 38 കോടി രൂപ RKVY-യിൽ നിന്നും വകയിരുത്തി പ്രതിരോധ നടപടികൾ കൈകൊണ്ടു വരുന്നു. ഇത് കൃഷി നഷ്ടങ്ങൾ കുറച്ച് വരുമാനം സംരക്ഷിക്കുന്നതിന് ഇടയാക്കുന്നു.

150-ലധികം അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ തുടങ്ങി, പരിശീലനം, സ്കിൽ വികസനം നൽകി വരുമാനം വർധിപ്പിച്ചു. കേരള കാർഷിക സർവകലാശാല, വയനാട്ടിലെ "സെന്റർ ഓഫ് എക്സലൻസ്" തുടങ്ങിയവ ഹൈടെക് കൃഷി പ്രോത്സാഹിപ്പിച്ചു വരുമാനവർദ്ധനവ് സാധ്യമാക്കുന്നു.

| | | | |
|---|---|---|---|
| | | | സമഗ്ര വിള ഇൻഷ്വറൻസ് നടപ്പാക്കി, 27 വിളകൾ ഉൾപ്പെടുത്തി, ചെറുകിട ഏലം കർഷകർക്ക് ആനുകൂല്യം ലഭ്യമാകുവാൻ നിശ്ചയിച്ച കുറഞ്ഞ പരിധി 2.5-ൽ നിന്ന് 1 ഏക്കറായി കുറച്ചു. റബ്ബർ താങ്ങുവില 180 രൂപയാക്കി, 2,054 കോടി രൂപ RPIS വഴി വിതരണം ചെയ്തു. 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി നടപ്പാക്കി. ഈ നടപടികളും വരുമാന വർദ്ധനവിന് ഇടയാക്കുന്നു.<br><br>യന്ത്രവൽക്കരണത്തിന് SMAM വഴി 200 കൃഷിക്കൂട്ടങ്ങളെ തയ്യാറാക്കി. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും യന്ത്രോപകരണങ്ങൾ നൽകി. 424.24 കോടി രൂപ സഹായം അനുവദിച്ചു. ഇത് മനുഷ്യാധ്വാനം കുറച്ച് ഉൽപ്പാദനം വർധിപ്പിച്ചു.<br><br>സ്മാർട്ട് കൃഷിക്ക് IoT, AI, ഡ്രോണുകൾ പ്രയോജനപ്പെടുത്തി.'കതിർ' സോഫ്റ്റ്‌വെയറും മൊബൈൽ ആപ്പും വഴി സേവനങ്ങൾ ത്വരിതപ്പെടുത്തി, കടലാസുരഹിത സംവിധാനം നടപ്പാക്കി, കർഷകർക്ക് വേഗത്തിലുള്ള സഹായം ഉറപ്പാക്കി.<br><br>കാർബൺ ന്യൂട്രൽ കൃഷി പ്രോത്സാഹിപ്പിച്ച് ആലുവ, ഒക്കൽ ഫാമുകൾ കാർബൺ ന്യൂട്രൽ ആക്കി, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിച്ചു. നവോധൻ പദ്ധതി വഴി തരിശുഭൂമി കൃഷിക്ക് ലഭ്യമാക്കി കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി.<br><br>കടാശ്വാസ കമ്മീഷൻ വഴി 391.75 കോടി രൂപ കടാശ്വാസം നൽകി, സാമ്പത്തിക ഭാരം കുറച്ചു. ഈ സമഗ്ര സമീപനം കർഷകരുടെ വരുമാനം ഉയർത്തി മേഖലയെ ആകർഷകമാക്കി. |
| (സി) | കേരളത്തിലെ പ്രധാനപ്പെട്ട കൃഷികളുടെ തറവില കാലോചിതമായി പരിഷ്കരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കേരളാ ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില, നെല്ലിന്റെ സംഭരണ വില, നാളികേര സംഭരണ വില, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്നീ പദ്ധതികളിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട വിളകളുടെ തറവില സർക്കാർ കാലികമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ